
# ബൈബിൾ ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE — J. C. CHOATE

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 6 — May 1992 — No. 2

## എഡിറ്റോറിയൽ

ശാരീരികമായ ആവശ്യങ്ങൾക്കു മാത്രം ഊന്നൽ കൊടുക്കുന്ന ഒരു തലമുറയാണ് ഇന്നത്തേതു. രോഗങ്ങൾക്കു ശമനം കിട്ടുവാൻ ആഗ്രഹിക്കുന്നവർ ധാരാളമുണ്ട്. മന:ശാസ്ത്രപരമായി നോക്കിയാൽ എൺപതു ശതമാനം ആളുകളിലും ചെറുതോ വലുതോ ആയ രോഗങ്ങൾ കണ്ടേക്കാം. അതു മനസിലാക്കിയ കുബുദ്ധികൾ ഇന്നു അത്ഭുതരോഗ ശാന്തി എന്ന പേരിൽ ഇറങ്ങി തിരിച്ചിരിക്കയാണ്. അവിടെ അത്ഭുതം നടന്നു, ഇവിടെ നടന്നു; കാൻസർ മാറി, മുടന്തു മാറി, ഉളുക്കു മാറി, ചൊറി മാറി, നടുവേദന മാറി എന്നുള്ള പ്രചരണങ്ങൾ ധാരാളം കേൾക്കാം. അവരുടെ നോട്ടീസുകളിൽ അടിച്ചിറക്കുന്ന പ്രസ്താവനകൾ വായിച്ചാൽ കുരുടർ കാഴ്ച്ച പ്രാപിക്കുന്നു; ചെകിടർ കേൾക്കുന്നു; കുഷ്ഠ രോഗികൾ സൗഖ്യരാകുന്നു എന്നു കാണാം. അതെല്ലാം അത്ഭുതമാണ്. പക്ഷെ യേശുക്രിസ്തു ചെയ്തവയുമാണ്. ഇവർക്കാർക്കും ചെയ്യുവാൻ അതിനു കഴിവുമില്ല. പിന്നെ എന്തിനാണ് ഈ കബളിപ്പിക്കൽ ? ദൈവ നാമത്തിൽ കളിപ്പിക്കൽ നിരവധി. അതിലൊന്നു ഈ വിധത്തിലും. സത്യം എന്താണ് എന്നു വചനത്തിൽ നിന്നു നിങ്ങൾ ഗ്രഹിക്കണം. തെറ്റുകളെ സമൂഹത്തിൽ നിന്നും തുടച്ചുമാറ്റണം.

പികെ വർഗീസ്

# പുതിയ ആരംഭങ്ങൾ

J. C. ചോട്ട്

വർഷാരംഭം, എന്തിന്റെയെങ്കിലും തുടക്കം ഒട്ടുമിക്ക പേർക്കും ആവേശം ഉണർത്തുന്നവയാണ്. കഴിഞ്ഞ കാലജീവിതത്തിൽ നിന്നും വ്യത്യാസം ജനിക്കുന്നതോ, അല്ലെങ്കിൽ ഒരു പുതുമയുടെ പ്രതിഫലനം ഉൾക്കൊള്ളുന്നതോ ആകാം. പുറകോട്ട് ഒരെത്തിനോട്ടത്തിനു അതു കാരണവുമായേക്കാം. ചെയ്യേണമെന്നു ചിന്തിച്ച പല കാര്യങ്ങളും ചെയ്യാൻ കഴിയാതിരുന്നതും, വിചാരിക്കാത്ത പലതും സംഭവിച്ചതും ചിന്തയിലൂടെ കടന്നു വരും. എന്നാൽ കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി അങ്ങനെ സംഭവിച്ചു കൂടാ; പരാജയത്തിനു പകരം വിജയത്തെ മുൻ കണ്ടുകൊണ്ട് ശാരീരികമായും മാനസികമായും വെല്ലു വിളികളെ നേരിടുവാൻ തക്ക ചിത്രം മെനയും. അവരുടെ ജീവിതത്തിൽ ഇനി ഒരു വഴിത്തിരിവിന്റെ വർഷമായിരിക്കും എന്നു പോലും അവർ അവകാശപ്പെടും. ശുഭപ്രതീക്ഷയുമായി അവരും നമ്മളും പുതുവർഷത്തെ അഭിമുഖീകരിക്കുന്നു.

ജീവിതത്തിൽ സ്വയമായി മാററങ്ങൾ വരുത്തി ഓരോന്നും തുടക്കം കുറിക്കുവാൻ ആണ് അധികം പേരും ശ്രമിക്കുന്നതു. കഴിഞ്ഞ കാലയളവിൽ നേരിട്ട ബലഹീനതകളും പരാജയങ്ങളും ഉണ്ടായെങ്കിൽ പോലും അവർക്കു തോന്നുന്നതു അവർ വിജയിക്കുവാൻ ശക്തരാണ് എന്നാണ്. അവർ വീണ്ടും പരാജയത്തിലേക്കു തന്നെ നീങ്ങുന്നു. ഒരു പുതിയ തുടക്കത്തെ കുറിച്ച് നിങ്ങൾ ഗൗരവമായി ചിന്തിക്കുകയാണെങ്കിൽ പ്രായോഗികമായി നൂറു ശതമാനം വിജയത്തിലെത്താൻ ഞാനൊരു മാർഗ്ഗം നിർദ്ദേശിക്കാം. സംശയാലു ആയിരിക്കാതെ, നിങ്ങൾ പരിശ്രമിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതിനു മുൻപ് മനസിരുത്തി കേൾക്കുക.

നിങ്ങളും ഞാനും മറെറന്തിനേക്കാളും ഉപരിയായി നമ്മുടെ ഭൂതകാലത്തെ തുടെച്ചു മാററി, ചെയ്ത എല്ലാ തിന്മകളേയും മറന്നു കളഞ്ഞു, പരാജയങ്ങൾ എല്ലാം എഴുതിത്തള്ളി നമ്മുടെ പാപങ്ങൾക്ക് എല്ലാം ക്ഷമാപണം നേടണം. പക്ഷെ ഇതെല്ലാം ചെയ്വാൻ ചില സഹായം ആവശ്യമാണ്. ആ ഒരു സഹായത്തിനായി നാം ആരെയാണ് സമീപിക്കേണ്ടതു ? ഹൃദയത്തിനു ആഘാതം കൊടുക്കരുതു. നിങ്ങളുടെ ജീവിതത്തിനു പുതിയ ഒരു മാററം വരുത്തുവാൻ വാസ്തവമായി നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ അതിൻെറ സഹായത്തിനായി നിങ്ങൾ യേശുക്രിസ്തുവിനെ സമീപിക്കണം. വ്യത്യാസം വരുത്തുവാൻ മററാർക്കും സാദ്ധ്യമല്ല. യഥാർത്ഥ വഴി കണ്ടെത്തുവാൻ അവൻ നമുക്കു ഉററ സഖി തന്നെയാണ്. അതിൽ നിന്നും അല്പം കുറഞ്ഞാൽ വിജയം നിശ്ചയമല്ലാതാകും.

പത്രൊസിൻെറ ലേഖനത്തിൽവിവരിച്ചിരിക്കുന്ന ലിഖിതങ്ങൾ പരിഗണിക്കേണ്ടതു തന്നെ. യേശുക്രിസ്തു പാപം ഒന്നും ചെയ്തില്ല. അവൻെറ വായിൽ വഞ്ചന ഒന്നും ഉണ്ടായിട്ടില്ല. തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെ, അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടാതെ ന്യായമായി വിധിക്കുന്നവനിൽ തന്നെത്താൻ ഏല്പിച്ചുകൊടുത്തു. നമ്മുടെ പാപങ്ങളെ അവൻെറ ശരീരത്തിൽ വഹിച്ചുകൊണ്ട് മരത്തിൽ മരിക്കയാണു ചെയ്തതു. പാപ സംബന്ധമായി നാം മരിച്ച് നീതി സംബന്ധമായി ജീവിക്കേണ്ടതിനും നാം അവൻെറ അടിപ്പിണരുകളാൽ സൗഖ്യം പ്രാപിക്കേണ്ടതിനു ആയിരുന്നു അതു. കൂടാതെ നാം പിൻപറേറണ്ടതിനു ഒരു മാതൃകയായി കണക്കിലെടുക്കാനും പറഞ്ഞിട്ടുണ്ട് (1പത്രൊസ് 2:21-24).

നാം ബലഹീനരും അശക്തരും ആയിരുന്നപ്പോൾ ക്രിസ്തു അഭക്തർക്കു വേണ്ടി മരിച്ചു. തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനു ദൈവം ലോകത്തെ സ്നേഹിച്ചു. അവനെ ലോകത്തിലേക്ക് അയച്ചതു ലോകത്തെ

വിധിപ്പാനല്ല; ലോകം അവനാൽ രക്ഷ പ്രാപിക്കേണ്ടതിന്നു തന്നെ (യോഹന്നാൻ 3:16,17). അകൃത്യങ്ങളുടെ കറ നമ്മിൽ കിടക്കുന്നതു കഴുകി കളയാതെ ദൈവത്തിനു നമ്മോടു ഇട പെടുവാൻ കഴികയില്ല. അതുകൊണ്ട് നാം ചെയ്ത തെററു കരം മായ്ച്ചു കളയുവാൻ ഒരു തികഞ്ഞ യാഗം വേണ്ടി വന്നു. നമുക്കു വേണ്ടി ദൈവം ചെയ്ത പ്രവൃത്തികരം നമ്മിൽ എങ്ങനെ ഫലവത്താകും? അല്ലെങ്കിൽ നഷ്ടപ്പെട്ട അവസ്ഥയിൽ നിന്നും നമ്മെ മോചിപ്പിക്കുവാൻ ദൈവം ഒരുക്കിയ വഴി നമുക്കു പ്രയോജനപ്പെടുന്നതെങ്ങനെ? നാം അവനിൽ വിശ്വസിച്ച് അവനെ അനുസരിക്കുമ്പോരം ദൈവം നമ്മെ രക്ഷിക്കും. രക്ഷകനായ ക്രിസ്തുവിന്റെ രക്ഷിപ്പിൻ പദ്ധതിയെ നാം ഹൃദയ പൂർവ്വം അംഗീകരിക്കണമെന്നർത്ഥം.

ദൈവ പുത്രനായിരുന്നു വെങ്കിലും കഷ്ടാനുഭവങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനാകയാൽ തന്നെ അനുസരിക്കുന്ന ഏവർക്കും അവൻ നിത്യ രക്ഷയുടെ കാരണഭൂതനായി തീർന്നു (എബ്രായർ 5:8-9). വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കുമെന്നു ക്രിസ്തു പറഞ്ഞിരിക്കുമ്പോരം ഓരോരുത്തരുടേയും വ്യക്തിപരമായ ഉത്തരവാദിത്വം സ്പഷ്ടമാണ്. വിശ്വസിച്ച ഒരു കൂട്ടം ആളുകളോടു പത്രോസ് പറഞ്ഞതു, നിങ്ങരം ഓരോരുത്തൻ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (പ്രവൃത്തി 2:38) എന്നാണ്. ക്രിസ്തുവിന്റെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനം ഏററു എന്നും അന്നു മൂവായിരം പേർ അവരോടുകൂടെ ചേർന്നു എന്നും രേഖകരം സൂചിപ്പിക്കുന്നു. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനമ്പ്രതി സഭയോടുചേർത്തുകൊണ്ടിരുന്നു. അവർ അപ്പൊസ്തലന്മാരുടെ

(ശേഷം 11-ാം പേജിൽ)

# ദ്രാക്ഷാരസത്തിലെ പിശാച്

പി. മോഹനൻ ചേനോളി

ഇന്ന് പരിവർത്തനത്തിന്റേതായ ഈ യുഗത്തിൽ നവീകരണത്തിന്റേതായ ഈ യുഗത്തിൽ വളരെയധികം ചർച്ചകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു വിഷയമാണ് "ലഹരിയുടെ ഉപയോഗവും യുവാക്കളും". യുവാക്കൾ തങ്ങളുടെ കർമ്മശേഷിയും ചിന്താശക്തിയും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മുന്നിൽ അടിയറവു വയ്ക്കുന്ന കാഴ്ചയാണു നാമിന്നു കാണുന്നതു. ദൂരവ്യാപകമായ ഭവിഷ്യത്തുകളാണ് ഇതു മൂലം രാഷ്ട്രത്തിന്നു നേരിടേണ്ടി വരിക.

ധാർമ്മികതയുടെ എല്ലാ വേലിക്കെട്ടുകളും തകർത്തു കളഞ്ഞശേഷം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഹരിയിൽ ആറാടി ലക്കും ലഗാനവു മില്ലാതെ പോകുന്ന ആധുനിക യുവതലമുറയെക്കുറിച്ച് എല്ലാവരും ഉത്കണ്ഠാകുലരാണ്. ആൺകുട്ടികളിലാണ് ഇതു കൂടുതലായി കാണുന്നതെങ്കിലും പെൺകുട്ടികളുടെ സ്ഥിതിയും ഇതിൽ നിന്ന് വിഭിന്നമല്ല.

ജിജ്ഞാസയാണ് കൂടുതൽ പേരേയും മയക്കുമരുന്നു ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നത്. മാന്യതയെക്കുറിച്ചുള്ള തെററായ സങ്കല്പം, അനുകരണഭ്രമം. കുടുംബ സാഹചര്യങ്ങൾ, സാമൂഹിക ചുററുപാടിലുള്ള തകരാറുകൾ എന്നിങ്ങനെയുള്ള പല കാരണങ്ങളാലും യുവതലമുറ ലഹരിലോകത്തേക്ക് നയിക്കപ്പെടുന്നുണ്ട്. അതുപോലെ തന്നെ ഓണം, ക്രിസ്തുമസ്, വിഷു തുടങ്ങി വിശേഷാവസരങ്ങളിൽ കൂട്ടുകാരോടൊപ്പം ഒരു 'രസ'ത്തിനുവേണ്ടി അല്പം 'മിനു'ങ്ങുന്നത് ഇന്നത്തെ ഒരു ഫാഷനായി മാറിയിരിക്കുകയാണ്. അതുകൊണ്ടു തന്നെ ഇത്തരം ആഘോഷങ്ങളുടെ പവിത്രത ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ ആഘോഷങ്ങൾ തന്നെ എന്തിന് ?

വിഷമങ്ങളിൽ നിന്നും ദുരിതങ്ങളിൽ നിന്നും രക്ഷനേടാൻ മദ്യവും മയക്കുമരുന്നും സഹായിക്കുമെന്ന് പരക്കെ ഒരു അന്ധവിശ്വാസമുണ്ട്. സ്വന്തം പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാനുള്ള ഈ ശ്രമം സങ്കീർണമായ പ്രശ്നങ്ങൾ വരുത്തിവയ്ക്കുകയാണ് ചെയ്യുന്നത്. ഒരു രാജ്യത്തെ ജനതയെ സാമൂഹിക അരാജകത്വത്തിലേക്ക് നയിക്കുന്ന സാമൂഹ്യവിപത്തുകളിൽ പ്രമുഖമാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം മനുഷ്യനെ മററു സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്നതും ഈ ദുർശീലങ്ങൾ തന്നെ. അതുകൊണ്ടാണ്. "മദ്യപാനം വ്യഭിചാരത്തേയും മോഷണത്തേയും കാൾ ഹീനമാണെന്ന് രാഷ്ട്രപിതാവായ മഹാത്മഗാന്ധി അഭിപ്രായപ്പെട്ടതും. ആഗോളാടിസ്ഥാനത്തിൽ നോക്കിയാൽ മദ്യവും മയക്കു മരുന്നും മൂലമാണ് കുററ കൃത്യങ്ങളിൽ ഏററിയ പങ്കും ഉണ്ടാകുന്നതെന്ന് കാണാൻ കഴിയും.

ഹീറോയ്ൻ, മോർഫിൻ, എൽ. എസ്. ഡി, കറുപ്പ് തുടങ്ങിയവ ഇന്ന് എവിടേയും സുലഭമാണെന്നുള്ളത് ദുഃഖകരമായൊരു വസ്തുതയാണ്. ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം മൂലം അവയ്ക്കടിമയായവരുടെ നൈസർഗ്ഗികമായ കഴിവുകളും ബുദ്ധിശക്തിയും മററും ക്രമേണ നശിക്കുന്നു. ഇത്തരത്തിലുള്ള ദൂരവ്യാപകമായ ഭവിഷ്യത്തുകൾ സൃഷ്ടിക്കുന്ന വിപത്തുകളിൽ നിന്നും നാം രക്ഷ പ്രാപിക്കേണ്ടതുണ്ട്.

ഈ ദുഃശീലങ്ങളിൽ നിന്നും രക്ഷനേടാൻ ആത്മാർത്ഥമായിത്തന്നെ ശ്രമിച്ചിട്ടും പരാജയപ്പെടുന്നവർ ഇതിന്റെ ഇരകളായി മരണമടഞ്ഞ അവസരങ്ങൾ ഉണ്ടാവാറുണ്ട്. അതിനുള്ള മുഖ്യകാരണം മദ്യത്തിനോ മയക്കുമരുന്നിനോ അടിമയായിത്തീർന്നിട്ടുള്ള വ്യക്തിയുടെ ശരീരം മാത്രമല്ല അയാളുടെ മനസ്സും എപ്പോഴും അതിനായി ദാഹിച്ചുകൊണ്ടിരിക്കും. അതായത് മനസ്സിന്റേയും ശരീരത്തിന്റേയും ആഗ്രഹത്തെ തടഞ്ഞു നിർത്തിയാൽ മാത്രമേ ഈ ദുഃസ്വഭാവത്തിൽ നിന്നും മോചനം നേടാൻ കഴിയൂ.

മദ്യത്തിനും മയക്കുമരുന്നിനും അടിമയായിട്ടുള്ളവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിൽ മനുഷ്യർക്കു പങ്കു വഹിക്കാൻ കഴിയുക വിദഗ്ദ്ധനായ ഒരു സൈക്കോതെറാപ്പിസ്റ്റിനാണ്. വ്യക്തിയുടെ താല്പര്യം ഈ വക വസ്തുക്കളിൽ നിന്നും മാററി മററൊന്നിലേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ അവരെ ഇതിൽ നിന്നും മോചിപ്പിക്കാൻ കഴിയും. ഇതിന് ഒന്നാമതായി ശരീരത്തിന്റെ അടിമത്തം തടയണം. ഇതിനുസഹായകരമായ ഔഷധങ്ങൾ ഇന്നു ലഭ്യമാണ്. രണ്ടാമതായി വ്യക്തിയുടെ മാനസികാവസ്ഥയിൽ ഈ വസ്തുക്കൾക്കെതിരായി ചലനങ്ങൾ സൃഷ്ടിക്കണം. ഇതിന് മനഃശാസ്ത്രപരമായ സമീപനം ആവശ്യമാണ്. അതിനേക്കാളുപരി ദൈവ കൃപയും.

സമൂഹത്തെ നശിപ്പിക്കുന്ന മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സന്ധിയില്ലാത്ത സമരം നാം അഴിച്ചുവിടണം. സമൂഹത്തിൽ മദ്യപാനികളുടെ സ്ഥാനം നാം എടുത്തു മാററണം. മദ്യരാക്ഷസൻമാരുടെ രഹസ്യസങ്കേതങ്ങളിൽ അരങ്ങേറുന്ന പൈശാചിക പ്രവണതകൾക്കെതിരെ നമ്മുടെ തൂലികകൾ ചലിക്കണം. സാഹിത്യത്തിന്റെ കനത്ത കൂരമ്പുകൾ അവർക്കുനേരെ തിരിയണം. ജനങ്ങൾക്കിടയിൽ മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങളെ മനസ്സിലാകത്തക്കവിധം ബോധവത്കരണം നടത്തണം. അങ്ങനെ സമൂലമായ വിപ്ലവത്തിന്റെ കാഹളധ്വനികൾ പുറത്തു വരുമ്പോൾ എല്ലാം സാവധാനത്തിൽ കെട്ടടങ്ങുവാൻ തുടങ്ങും.

മനുഷ്യന് ജീവിക്കാൻ അവകാശമുണ്ട്. പക്ഷെ 'മരിച്ച്' ജീവിക്കാനും മററുള്ളവരെ അതിലേക്ക് വലിച്ചിഴയ്ക്കാനും അവകാശമില്ല. വിശ്വമഹാകവിയായ ഷേക്സ്പിയറുടെ വാക്കുകൾ ബോധപൂർവ്വം മനസ്സിൽ സംഗ്രഹിക്കാം "ദ്രാക്ഷാരസത്തിൽ ഒളിഞ്ഞിരിക്കുന്ന അല്പയോ അദൃശ്യസത്യമേ, നിനക്കു ഞാൻ ഉചിതമായ ഒരു ഓമനപേരുനൽകാം, നിന്നെ ഞാൻ പിശാച് എന്നു വിളിക്കട്ടെ".

കൂട്ടുകാരാണ് തങ്ങളെ ഈ കുടുക്കിൽ പെടുത്തിയതു എന്നു മദ്യ പാനികളിൽ ചിലർ പറയാറുണ്ട്. നിങ്ങളുടെ

മനസ്സിനെ മററൊരു വ്യക്തിക്കും നിങ്ങൾ അടിയറ വെക്കരുതു. ദൈവത്തിനു നിങ്ങളുടെ മനസ്സിനെ സമർപ്പിക്കാം. അങ്ങനെ ചെയ്താൽ നിങ്ങളെ നിയന്ത്രിക്കുകയും നടത്തുകയും ചെയ്യുവാൻ അവൻ തയ്യാറാകും. ''ഞാൻ അതു നിർത്താൻ പല തവണ ഒരുങ്ങിയതാണ്; പക്ഷെ കഴിഞ്ഞില്ല'' എന്നു പറയുന്നുണ്ട്. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. മനസ്സൊരുക്കം വേണം. അതു നിർത്തുവാൻ നിങ്ങളുടെ മനസ്സിനെ മാറേറണ്ടതു നിങ്ങളാണ്. തീരുമാനമെടുക്കേണ്ടതു സ്വയമായിട്ടാണ്.

കഠിനാദ്ധ്വാനികളായ പലരും അവരുടെ അദ്ധ്വാനഫലം മുഴുവനും മദ്യം ഉപയോഗിക്കുന്നതിനു ചെലവിടുന്നു. തൻനിമിത്തം കുട്ടികൾ, ഭാര്യ തുടങ്ങിയ കുടുംബാംഗങ്ങൾ പലപ്പോഴും പട്ടിണി കിടക്കുന്നു. കുടുംബ ദ്രോഹികളായ ഇവർ ചെയ്യുന്ന പ്രവൃത്തിയുടെ ക്രൂരമായ അനുഭവം എത്രയോ പേരെ ആത്മഹത്യ ചെയ്യിച്ചിട്ടുണ്ട്. അതിനു ഇവർ ഉത്തരവാദികളാണ് എന്നു പറയാതിരിക്കാൻ വയ്യ. വേദനിക്കുന്ന ഹൃദയവുമായി, ആയിരക്കണക്കിനു സ്ത്രീകളും കുട്ടികളും ഇതു തങ്ങളുടെ വിധിയായി കണക്കാക്കുന്നു. നമ്മുടെ കായിക ശേഷിയെയും മനക്കരുത്തിനേയും ദുർബ്ബലപ്പെടുത്തുന്ന യാതൊന്നും നമ്മിൽ ഉണ്ടാകരുതു.

അന്യായം ചെയ്യുന്നവർ, മദ്യപാനികൾ ഇവർക്കാർക്കും ദൈവ രാജ്യത്തിൽ പ്രവേശനമില്ല. പാപ സംബന്ധമായ ഈ കൃത്യം നിങ്ങൾ ഉപേക്ഷിച്ച് മനുഷ്യർക്കു ഉപകാരം ലഭിക്കുന്ന നന്മ പ്രവൃത്തികളിൽ ഉൾപ്പെടുക. ശരീരത്തേയും മനസ്സിനേയും ആത്മാവിനേയും ഒരുപോലെ നശിപ്പിക്കുന്ന ലഹരി ഒരിക്കലും ഉപയോഗിക്കുകയില്ല; മററുള്ളവർക്കു കൊടുക്കുകയുമില്ല എന്നു നമുക്കു ഒരു പ്രതിജ്ഞ എടുക്കാം. അതു പ്രവൃത്തി പഥത്തിൽ കൊണ്ടു വരികയും ചെയ്യാം.

***

(6-ാം പേജിന്റെ തുടർച്ച)

ഉപദേശം കേൾക്കയും കൂട്ടായ്മ ആചരിക്കയും ഉല്ലാസവും ഹൃദയ പരമാർത്ഥതയും അനുഭവിക്കയും ചെയ്തു. മററൊരർത്ഥത്തിൽ പറഞ്ഞാൽ അവരുടെ ജീവിതത്തിൽ ഒരു പുതിയ മാററം ഉണ്ടായി.

നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്ന വ്യക്തിയാണെങ്കിൽ നിങ്ങളും ഒരു പുതുക്കത്തിനായി നോക്കിയിരിക്കുകയാവും. നാം ക്രിസ്തുവിലായി തീർന്നപ്പോൾ പുതിയ സൃഷ്ടികളായി തീർന്നു. എന്നാൽ കുറെകഴിഞ്ഞപ്പോൾ നാം കർത്താവിന്റെ എല്ലാ കല്പനകളും ശരിയായി പ്രമാണിക്കാൻ കൂട്ടാക്കാതെ വന്നേക്കാം. അതായതു കർത്താവ് നമുക്കു നല്കിയ സ്വാതന്ത്ര്യം നാം മുതലെടുത്തു എന്നു വ്യക്തം. അതു ക്രിസ്തുവിന്റെ തെററല്ല; മറിച്ച് നമ്മുടെ തെററാണ്. എന്നാൽ ഈ സമയത്തു നമ്മുടെ അവസ്ഥ എന്തായാലും നമ്മുടെ പാപം എന്തു തന്നെയായാലും ദൈവമക്കൾ എന്ന നിലക്കു ക്ഷമായാചനം സാദ്ധ്യമാണ്. തുടർന്നും പുതിയ ജീവിതത്തിലേക്കു പ്രവേശിക്കാവുന്നതാണ്. നമ്മുടെ പാപങ്ങൾ നാം ഏററു പറയുന്നുവെങ്കിൽ അവൻ സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കും. ക്രിസ്തു വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാമും വെളിച്ചത്തിൽ വസിച്ചാൽ നമുക്കു തമ്മിൽ തമ്മിൽ കൂട്ടായ്മ ഉണ്ട്. അങ്ങനെ യായാൽ ക്രിസ്തുവിന്റെ രക്തം സകല പാപങ്ങളേയും പോക്കി നമ്മെ ശുദ്ധീകരിക്കും (1 യോഹന്നാൻ 1:7 9).

മോശമായ എല്ലാ കാര്യങ്ങളേയും നമ്മിൽ നിന്നു ഓടിച്ച്, നമ്മെ താഴ്ത്തി കളയുന്ന, പുറകോട്ടു പിടിച്ചു വലിക്കുന്ന, മുൻപോട്ടു പോകുവാൻ തടസപ്പെടുത്തുന്ന എല്ലാം നീക്കം ചെയ്താൽ നമ്മെ ശക്തീകരിക്കുന്ന ക്രിസ്തു മുഖാന്തരം നാം സകലത്തിനും ശക്തരായി തീരുന്നു (ഫിലിപ്പിയർ 4:13). ഇപ്പോൾ എന്ത് ? നാം അത്ഭുതങ്ങൾ ഒന്നും പ്രതീക്ഷിക്കുന്നില്ലെങ്കിലും നമ്മുടെ വ്യാപാരവും തൊഴിലും

മററെല്ലാം തന്നെ നമ്മുടെ സങ്കല്പത്തിനപ്പുറമായി വിജയിക്കുന്ന ശുഭാപ്തി നമുക്കു അനുഭവിക്കുവാൻ കഴിയും. ഒരാൾ തൻെറ ജീവിതം മാററി വരുമ്പോൾ തന്നെത്താൻ കർത്താവിനു സമർപ്പിക്കുന്നതുകൊണ്ടു കർത്താവ് അവനോടു കൂടെ ഉണ്ടാകുമെന്ന വാഗ്ദാനം അവനെ ബലപ്പെടുത്തുന്നു (മത്തായി 28:20). സകല ആത്മീയ അനുഗ്രഹങ്ങളും ക്രിസ്തുവിൽ നിക്ഷിപ്തമായിരിക്കുന്നതു അയാൾക്കു കിട്ടുകയും; ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ട് അവന് സകലവും നന്മക്കായി ദൈവം പ്രവർത്തിക്കുകയും ചെയ്യും.

ഇതുപോലെ പൌലൊസ് പറയുകയുണ്ടായി, 'സഹോദരന്മാരേ, പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞും കൊണ്ട് ദൈവത്തിൻെറ പരമ വിളിയുടെ വിരുതിന്നായി ഓടുവിൻ' (ഫിലിപ്പിയർ 1:13,14). കഴിഞ്ഞ കാല സംഭവങ്ങളിലെ നിരാശയെ ച്ചൊല്ലി വ്യാകുലപ്പെടാതെ ലക്ഷ്യബോധത്തോടെ ഭാവിയെ ഓർത്തു ജീവിക്കുക.

ക്രിസ്ത്യാനികളായി മാറുന്നവർ വളരെ കാര്യങ്ങളിൽ അവരുടെ മനസ്സിനെ തിരിക്കേണ്ടതായിട്ടുണ്ട്. പ്രാധാന്യമുള്ളവയെന്നു നാം കണക്കാക്കിയിരുന്നവയെ പിൻതള്ളി അധികം പ്രാധാന്യമുള്ളവയെ തിരിച്ചറിഞ്ഞു സ്വീകരിക്കണം. എന്തു കിട്ടും എന്ന ചിന്തയേക്കാൾ യേശുവിനും നമ്മുടെ സഹ വിശ്വാസികൾക്കും എന്തു കൊടുപ്പാൻ കഴിയും എന്ന ചിന്താഗതിയിലേക്കു വരണം. നാം ഒരു പേര് ഉണ്ടാക്കി എടുക്കുന്നതിനു പകരം, ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവിനു പേരും മഹത്വവും കൊടുക്കുവാൻ പഠിക്കണം.

പലരും പുതുമക്കു വേണ്ടി ഉണ്ടാക്കുന്ന മാർഗ്ഗരേഖകൾ എല്ലാം നിഷേധിക്കുന്നവരായി തീരുകയാണ് പിന്നീട്. എന്നാൽ ഒരു ക്രിസ്ത്യാനി വീണ്ടും ജനിച്ച പുതിയ വ്യക്തിയാണ്. പുതിയ ചിന്തയും പുതിയ ജീവിതവുമുള്ള അയാൾ

ക്രിസ്തുവിന്റെ പടയാളിയായി മാറും. മനുഷ്യരുടെ ഇടയിൽ അവൻ ദിവ്യജ്യോതിസിനെ പോലെ പ്രകാശിച്ചു സൽപ്രവൃത്തികളെക്കൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനു മഹത്വം കൊടുക്കും.

★

# വലിയമ്മയാവുക

## ബെററി ബി. സി

അമ്മൂമ്മ എന്ന അവസ്ഥാ വിശേഷത്തിലെത്തിയവർക്ക് അറിയാം കൊച്ചു മക്കളോടുള്ള പ്രത്യേകത. വാർദ്ധക്യാവസ്ഥയിലേക്കു ലോകം എത്താതെ യുവത്വത്തിന്റെ പ്രകാശധാരയിൽ തന്നെ തിളങ്ങി നില്ക്കുന്നതിന്റെ രഹസ്യം മററൊന്നുമല്ല. കുട്ടികളെ നോക്കി പലരും പ്രസംഗിക്കാറില്ലേ? നാടിന്റെ നട്ടെല്ലാണ് അവർ ഭാവിയുടെ വാഗ്ദാനങ്ങളാണ് എന്നെല്ലാം. ആ തത്വങ്ങളെല്ലാം നാം ശരിയായി നമ്മുടെ കുടുംബങ്ങളിലേക്കു തന്നെ നോക്കിയാൽ കാണാം.

കൊച്ചുമക്കളെ വഷളാക്കുന്നതു മുത്തച്ഛന്മാരും മുത്തച്ഛിമാരും ആണെന്ന പ്രസ്താവനയിൽ അല്പമെങ്കിലും വാസ്തവം കടന്നു കൂടിയിട്ടില്ലേ എന്നു എനിക്കും സംശയമുണ്ട്. അവരെത്തന്നെ കുററപ്പെടുത്തുന്നതിലും കാര്യമില്ല.

ക്രിസ്ത്യാനിയായ അമ്മൂമ്മ തന്റെ സ്വാധീനത്തിൻ കീഴിലുള്ള പുതിയ തലമുറയെ എങ്ങനെ കൈകാര്യം ചെയ്യും? അവരുടെ ആഗ്രഹങ്ങളെല്ലാം നിറവേററിക്കൊടുക്കുമോ, അതോ അസഹനീയമായ അവരുടെ സ്വഭാവം കണ്ടും കേട്ടും മടുത്തു കഴിഞ്ഞ് അവരുടെ മാതാപിതാക്കളെ ഏല്പിച്ച് നീണ്ട നെടുവീർപ്പിട്ട് ആശ്വസിക്കുമോ?

അമ്മൂമ്മ എന്ന പദത്തിൽ തന്നെ വാർദ്ധക്യത്തിന്റേയും, വിചാരത്തിൽ പക്വതയുടേയും ജ്ഞാനത്തിന്റേയും ക്ഷമയുടേയും ധ്വനി നമുക്കു ദർശിക്കാം. ഇവയെല്ലാം കാലം കടന്നു പോകുമ്പോൾ അനുഭവങ്ങളിലൂടെ ക്രിസ്തീയ സ്വഭാവത്തിന്റെ മേന്മയിലെത്തുന്നവയാണ്. തന്റെ സ്വന്ത കുട്ടികളെ വളർത്തിക്കൊണ്ടു വരുമ്പോൾ ഉണ്ടായിരുന്ന സ്വഭാവത്തിൽ നിന്നും വളരെ ദൂരം പിന്നിട്ട ഒരു സ്ഥിതിയിലേക്ക് അവർ ക്രിസ്ത്യാനിയായി തീർന്ന ശേഷം മാറുന്നു.

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക;" വൃദ്ധനായാലും അവൻ അതുവിട്ടുമാറുകയില്ല" (സദൃശ്യവാക്യങ്ങൾ 22:6).

തിമൊഥെയോസ് എന്ന പേരിൽ ഒരു ക്രിസ്ത്യാനി ഒന്നാം നൂററാണ്ടിൽ ജീവിച്ചിരുന്നു. അവന്റെ വലിയമ്മ ലോവീസിൽ നിന്നും അമ്മ യൂനീക്കയിൽ നിന്നും ദൈവത്തെ കുറിച്ച് കേട്ടു പഠിച്ച ഒരു വലിയ വിശ്വാസിയായിരുന്നു അവൻ. ബാല്യം മുതൽ ദൈവവചനത്തിൽ പഠനം ലഭിച്ചവനായിരുന്നു തിമൊഥെയോസ് എന്ന് 2 തിമൊഥെയോസ് 3ന്റെ പതിനഞ്ചാം വാക്യംപറയുന്നു. എത്ര മനോഹരമായ നിമിഷങ്ങളായിരുന്നിരിക്കണം അവൻ തന്റെ വലിയമ്മയുമൊത്ത് ചിലവഴിച്ചിരുന്നതു ! അബ്രഹാം, ഐസക്, യാക്കൊബ്, മോശ, നോഹ, ദാവീദ് തുടങ്ങി എത്ര എത്ര ഹൃദയ സ്പർശിയായ വ്യക്തിത്വങ്ങളെ തിരുവെഴുത്തിൽ നിന്നും അവനു പഠിക്കാൻ കഴിഞ്ഞു. അവരുടെ ജീവിതത്തിലൂടെ വിശ്വാസവും അനുസരണവുംഎന്തു എന്നു അവൻ പഠിച്ചു.

തീത്തൊസ് 2:4-ൽ വലിയമ്മമാർക്കു കൊച്ചു മക്കളോടു ചെയ്യാവുന്ന സഹായകരമായ ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. യൌവനക്കാരത്തികളായ സ്ത്രീകൾ തങ്ങളുടെ

(ശേഷം 19-ാം പേജിൽ)

# 'ഇല്ല' എന്നു പറയുവാൻ പഠിപ്പിക്കുക

J. മനാസ്സ്കോ

മയക്കു മരുന്നുകളുടെ ഉപയോഗത്തിനെതിരെ അനേക സർക്കാരുകളും പ്രമാണിമാരും ആഞ്ഞടിച്ചിട്ടുണ്ട്. കവികളും സാഹിത്യകാരന്മാരും അവരുടെ തൂലികയാൽ പ്രതിഷേധം ഉന്നയിച്ചിട്ടുണ്ട്. എല്ലാവരുടേയും മുഖ്യ ലക്ഷ്യം ആളുകൾ ഇതു ഉപയോഗിക്കാതിരിക്കണം എന്നതാണ്. വേണ്ട, ഇല്ല എന്ന അർത്ഥത്തിൽ ഈ ഉപയോഗത്തെ നിരുത്സാഹപ്പെടുത്താൻ ശ്രമിക്കണം. പ്രശ്ന പരിഹാരം അതാകണം. "ഇല്ല" എന്നു പറയുവാനും "വേണ്ട" എന്നു പറയുവാനും നാം ആളുകളെ പഠിപ്പിച്ചെടുത്താൽ മയക്കു മരുന്നിനെതിരെ പോരാടേണ്ടിവരുന്നില്ല. നന്മയുടെ ഭാഗമായിരിക്കും വിജയിക്കുക.

ഇത്തരം ദുഷിച്ച പ്രവണതകൾക്കു ആളുകൾ അടിമകളായി മാറാതിരിക്കാൻ സുവിശേഷ പ്രവർത്തകർ വർഷങ്ങളായി ആഹ്വാനം ചെയ്യുന്നുണ്ട്. പക്ഷെ അപ്പോഴൊന്നും അധികമാളുകളും അതു ചെവിക്കൊണ്ടില്ല. ഏതു തരത്തിലുള്ളതായാലും ശരി, ആത്മികമോ, ധാർമ്മികമോ ആയ വിപത്തുകൾ ഉണ്ടാകാതിരിക്കാൻ, ദുരുപദേശങ്ങളോട് "വേണ്ട" എന്നു പറയുവാൻ കഴിയണം. യാദൃശ്ചികമായി സംഭവിക്കുന്ന ഒന്നല്ല ഇതു. ആലോചനയുടെ, കൂട്ടുകെട്ടിന്റെ, അനുഭവക്കുറവിന്റെ എല്ലാം ഫലമായി ഉണ്ടാകുന്ന ഒന്നാണ് ഇതു. അധികാരികളുടെ കണ്ണു തുറക്കുന്നതു പലപ്പോഴും ദുരന്തങ്ങൾക്കു ശേഷമായിരിക്കും. പെട്ടെന്നായിരിക്കും അവർ അതിനെ അപൂർവ്വ പ്രതിഭാസമായി വിരൽ ചൂണ്ടുന്നതു. പാപത്തിന്റെ പാളത്തിൽ നിന്നും രക്ഷ പെടുവാനുള്ള ഏക മാർഗ്ഗം "വേണ്ട" എന്ന തീരുമാനമാണ്.

ഇതു വായിക്കുന്ന പലർക്കും വിസ്മയം ജനിച്ചേക്കാം. എന്നാൽ ദൈവിക ഭക്തിയോടെ ജീവിക്കുന്നവർക്ക് അറി യാം പരിശോധനകളെ നേരിടുവാൻ പററിയ ആയുധം നിഷേ ധാത്മകവും ലളിതവും ഉറപ്പുള്ളതുമായ ഉത്തരമാണെന്ന്. സാത്താൻെറ പിടിയിൽ നിന്നും പുറത്തു വരുവാനുള്ള ഏക വഴി യാക്കൊബിൻെറ മകൻ യൌവനക്കാരനായ യോസേഫ് മനസിലാക്കി. പൊത്തിഫേറിൻെറ ഭാര്യ വ്യഭിചാരം ചെയ്യുന്ന തിനു അവനെ ക്ഷണിച്ചു. അവൾക്കു യോസേഫിനോടു മോ ഹം ജനിച്ചു. അതു നിരസിച്ച യോസേഫ് പറഞ്ഞു, എനിക്ക് എങ്ങനെ ദൈവത്തിനെതിരായി ഇത്ര വലിയ ദുഷ് പ്രവൃ ത്തി ചെയ്യാൻ സാധിക്കും" എന്നായിരുന്നു (ഉല്പത്തി 39:7-9). യുവാവും കോമളനുമായ യോസേഫിനെ കീഴ് പ്പെടുത്തുവാൻ അവൾ നിരന്തരം ശ്രമിച്ചിരുന്നു. എന്നാൽ യോസേഫ് അവളോടു അടുക്കുകയോ അവളോടു കൂടെ ശയിക്കുവാൻ പോകയോ ചെയ്തില്ല. അവളുടെ ഈ ദുർമോ ഹത്തിനു ഇരയാക്കുവാൻ അവനെ നിർബ്ബന്ധിച്ചപ്പോൾ അവൻ അവിടെ നിന്നും ഓടി രക്ഷ പെടുകയായിരുന്നു (ഉല്പത്തി 39:12).

യുവാക്കൾ ഈ ലേഖനം വായിച്ച് എല്ലായ്പോഴും പാപത്തെ തിരസ്ക്കരിക്കുവാൻ ശീലിക്കണം. യോസേഫ് തൻെറ ജോലി നിർവ്വഹിച്ചതു ആത്മാർത്ഥതയോടെയായി രുന്നു. ബുദ്ധിയോടെയുള്ള അവൻെറ പ്രവൃത്തി അതാണ് തെളിയിച്ചതു. ഇന്നത്തെ യുവാക്കൾക്കും അതുപോലെ ചെ യ്യുവാൻ കഴിയും. മററുള്ളവരുടെ മോഹന വാഗ്ദാനങ്ങളിൽ പെൺകുട്ടികൾ വഞ്ചിതരാകരുതു. സ്കൂളുകളിലും കോളേ ജുകളിലും ഒരു പക്ഷെ പേരെടുത്ത കുട്ടികളാകും. എന്നിരു ന്നാലും പാപത്തിൽ നിന്നു വിട്ടു നില്പാൻ പ്രത്യേക പരിശീലനം ആവശ്യമാണ്. ഇല്ലെങ്കിൽ ഒരു ദുർബ്ബല നിമിഷ ത്തിൽ ഇരുണ്ട ചേതനക്കു വശംവദയായി കഴിയുമ്പോഴാണ് അവൾക്കു നഷ്ടമായ പവിത്രതയുടെ മാഹാത്മ്യം മനസി ലാകുന്നതു. നഷ്ടമാക്കാൻ എളുപ്പവും തിരിച്ചെടുക്കാൻ പ്രയാസവുമായ ഇത്തരം സ്വഭാവങ്ങളിൽ നിന്നും ഒഴിഞ്ഞു നില്ക്കുന്നതല്ലേ ബുദ്ധി ?

ദൈവ വിശ്വാസിയല്ലാതിരുന്ന ഒരു രാജാവിന്റെ രാജ്ഞിയായിരുന്നു വസ്തി. മദ്യപാനികളായ തന്റെ ഭർത്താവിന്റെ സ്നേഹിതന്മാരുടെ കണ്ണുകൾ കുളിർപ്പിക്കത്തക്കവണ്ണം ഇറങ്ങി വരുവാനുള്ള രാജാവിന്റെ കല്പനയെ നിഷേധിച്ചവളായിരുന്നു വസ്തി. നാടുവാഴികളുടേയും പ്രഭുക്കന്മാരുടേയും മുൻപിൽ രാജധാനിയിൽ വരുവാനുള്ള ആജ്ഞയാണ് അവൾ ലംഘിച്ചതു എന്നോർക്കണം. മുൻകോപിയായ, ബുദ്ധിശൂന്യനായ രാജാവ് അവളെ രാജധാനിയിൽ നിന്നും രാജകീയ പദവിയിൽ നിന്നും നീക്കം ചെയ്തു (എസ്ഥേർ 1:12).

നിസാരമായ ഒരു കാര്യത്തെച്ചൊല്ലി വലിയൊരു സ്ഥാനം അവൾ കളഞ്ഞു കുളിച്ചു എന്നു ചിലർ വാദിച്ചേക്കാം. ശരിയായ മനസോടു കൂടെ ഏതൊരു ഭർത്താവ് ആണ് തന്റെ ഭാര്യയുടെ സൗന്ദര്യം പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്നതു. ഈ രാജാവ് ലഹരി പിടിച്ചവനായിരുന്നു എന്നതാണ് വിശേഷം. അതിനു പുറമെ മറ്റൊന്ന്, രാജകീയ നേട്ടമെല്ലാം ഒരു നിമിഷം കൊണ്ടു ഇല്ലാതാകും. പക്ഷെ വസ്ഥി അവൾക്കു വിലമതിച്ച ആത്മാർത്ഥതയും പവിത്രതയും സൂക്ഷിക്കുന്നതാണ് വലിയ കാര്യമെന്നു കരുതി. അതു അവളെ പ്രശംസിപ്പാനിടയാക്കി. മ്ലേച്ഛമായ കാര്യം ആരു പറഞ്ഞാലും അതനുസരിക്കേണ്ടതില്ല.

ഇന്ന് ആഴ്ചപ്പതിപ്പുകളിൽ, മാസികകളിൽ എല്ലാം പുറം ചട്ടയിൽ പെൺകുട്ടികളുടെ മുഖചിത്രമായിരിക്കും. എന്തിനാണ് അവർ ഇതു പ്രദർശിപ്പിക്കുന്നതു ? കൂടുതൽ കോപ്പി വിറ്റഴിയുവാൻ, കൂടുതൽ ലാഭമുണ്ടാക്കാൻ. ഇതിനു വേണ്ടി കാത്തുകിടക്കുന്ന പെൺകുട്ടികൾ എത്രയോ ഉണ്ട്. അവരുടെ ഗുണമേന്മ, ആത്മാർത്ഥത എന്നിവ വിശുദ്ധമായി സൂക്ഷിക്കപ്പെടണം. മറയ്ക്കേണ്ട അവയവങ്ങളെ പ്രദർശിപ്പിച്ചുകൊണ്ടു നിന്നുകൊടുക്കുന്ന സ്ത്രീകൾ തങ്ങളുടെ ശരീരങ്ങളെ വില്പന നടത്തുന്നു എന്നു വേണം പറയുവാൻ. എന്നിട്ടും അവർ ക്രിസ്ത്യാനികളാണെന്നു വീമ്പിളക്കി നടക്കുന്നതു കാണുമ്പോൾ നമുക്കു ലജ്ജതോന്നും.

അവർ വിചാരിച്ചാൽ ഇതെല്ലാം വേണ്ട എന്ന ഒരൊററ വാക്കുകൊണ്ടു ഒഴിവാക്കാവുന്നതേയുള്ളൂ. മാന്യത നമ്മുടെ സ്വഭാവത്താൽ ആണ് നാം വെളിപ്പെടുത്തുന്നതു.

പാപത്തിനു ഓഹരിക്കാരാകാതിരുന്ന ശദ്രക്ക്, മേശക്,അബേദ്നെഗോ എന്ന മൂന്നു പുരുഷന്മാരെ നാം മുക്തകണ്ഠം പ്രശംസിച്ചേ മതിയാകൂ. മതപരമായി ആളുകൾ ഇന്നു ചെയ്യുന്ന തെററുകളെ സാരമില്ല എന്നു പറഞ്ഞു തള്ളിക്കളയുന്നവരുണ്ട്. എല്ലാമതങ്ങളെയും ഒരുപോലെ പ്രീതിപ്പെടുത്തുന്നവരുണ്ട്. ഏതു ദൈവമായാലെന്താ ? വിഗ്രഹമായാലെന്താ അതിലും ദൈവമില്ലേ എന്നൊക്കെ വാദിക്കുന്ന ആളുകൾ ഈ മൂന്നു വ്യക്തികളെ കണ്ടു പഠിക്കണം. രാജാവുണ്ടാക്കിയ സ്വർണ്ണ ബിംബത്തെ നമസ്ക്കരിക്കാനുള്ള രാജകല്പനയെ അവർ തള്ളിക്കളഞ്ഞു. ജീവനുള്ള ദൈവത്തെ ആരാധിക്കുന്നതു അവർ നിർത്തിയുമില്ല. രാജ കല്പനയെ ധിക്കരിക്കുന്നവരെ തീച്ചൂളയിലേക്ക് എറിയപ്പെടും എന്നായിരുന്നു ആജ്ഞ. നിന്റെ ദേവന്മാരെയോ നീയുണ്ടാക്കിയ സ്വർണ്ണ ബിംബത്തേയോ നമസ്ക്കരിക്കയില്ല എന്നതായിരുന്നു അവരുടെ മറുപടി (ദാനിയേൽ 3:18). മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതു ആവശ്യമാണെന്നു ഈ മൂന്നു എബ്രായ പുരുഷന്മാരും അറിഞ്ഞിരുന്നു. അതുകൊണ്ടു അവർ തീച്ചൂളയിലേക്കു എറിയപ്പെട്ടിട്ടും ദൈവം അവരെ ഒരു പോററൽ പോലും ഏല്ക്കാതെ രക്ഷിച്ചു.

യേശുക്രിസ്തുവിന്റെ മരണശേഷം സുവിശേഷവേലയിൽ മുഴുകിയിരുന്ന അപ്പൊസ്തലന്മാരുടെ ധൈര്യവും നാം അഭിനന്ദിക്കേണ്ടതാണ്. യേശുവിന്റെ നാമത്തിൽ നിങ്ങൾ അശേഷം സംസാരിക്കരുതു എന്നു തർജ്ജനം ചെയ്തിട്ടും അവർ അതു കാര്യമാക്കാതെ ദൈവത്തെയാണ് അനുസരിച്ചതു. മാനുഷിക വികാരങ്ങളെയോ ബന്ധങ്ങളെയോ അല്ല നാം സ്നേഹിക്കേണ്ടതു.

***

(14-ാം പേജിൻെറ തുടർച്ച)

ഭർത്താക്കന്മാരെ സ്നേഹിക്കേണ്ടതിന്നു അവരെ ശീലിപ്പിക്കണം. മക്കളെ സ്നേഹത്തിൽ വളർത്തേണ്ടതിന്നും അവരെ പഠിപ്പിക്കണം. 'സ്നേഹം' എന്നതു വൈകാരികമായി ഒരാൾക്കു മററൊരാളോടു ഉണ്ടാകുന്ന അടുപ്പമായി പലരും ധരിച്ചു വെച്ചിരിക്കയാണ്. മററൊരാളുടെ അഭ്യുദയത്തെ ലക്ഷ്യമാക്കി ആ വ്യക്തിക്കുവേണ്ടി നന്മ പ്രവർത്തിക്കുക എന്നതാണ്.

പ്രായം ചെന്ന സ്ത്രീകൾക്ക് അവരുടെ ജീവിതത്തിൻെറ ഏടുകളിൽ കുടുംബ ബന്ധങ്ങളിൽ അനുഭവപ്പെട്ട ശേഖരങ്ങളിൽ തെററുകളും ശരികളും അനവധി കാണും. അങ്ങനെ പഠിച്ചകാര്യങ്ങൾ യുവതലമുറക്കു പകർന്നു കൊടുക്കാൻ സാധിക്കും. അവരുടെ ബുദ്ധിയും വിവേകവും ജ്ഞാനവും മററും മികവുററതാണെന്നു കണ്ടെത്താം. ആലോചന ഒന്നുകൊണ്ടും മോശമാകയില്ല. ഏതു കാര്യത്തിലും കുട്ടികൾക്ക് നേർവഴി ചൂണ്ടികാണിക്കുന്നതിനു അമ്മൂമ്മമാർക്കു കഴിയും. അതിനുള്ള ക്ഷമ നേടിയെടുക്കണമെന്നു മാത്രം.

യൌവനക്കാരത്തി ഭാര്യമാരെ അവരുടെ ഭർത്താക്കന്മാരെയും കുഞ്ഞുങ്ങളേയും സ്നേഹിക്കാൻ പഠിപ്പിച്ചാൽ, ആ സ്നേഹം അവർ ശരിയായി പ്രയോഗിച്ചാൽ. ഒരു ഉറപ്പുള്ള ഭവനത്തിനു അടിത്തറ പാകാൻ അങ്ങനെ കഴിയും. കുട്ടികൾ ശിക്ഷണത്തിൽ വളർന്നില്ലെങ്കിൽ തെററി പോകാനിടയുണ്ട്. അവരുടെ ബലഹീനതകളും സംസാരത്തിലും പ്രവൃത്തിയിലും വർദ്ധിച്ചു വരുന്ന വൈകല്യങ്ങൾ ഇവ കണ്ടിട്ടും കണ്ണടക്കുന്ന രക്ഷകർത്താക്കളെ നിലക്കു നിർത്താനും വേണ്ട നിർദ്ദേശം വേണ്ടപ്പോൾ കൊടുക്കാനും പ്രായമായവർക്കു കഴിയും. ചിലപ്പോൾ കുട്ടികൾക്ക് അതിലാളനവും മററു ചിലപ്പോൾ കർശന ശിക്ഷയും കൊടുക്കുന്നതു കാണാം. മിതമായ ശിക്ഷണവും ആവശ്യമുള്ളപ്പോൾ പരിമിതമായ വാത്സല്യവും ഒത്തിണങ്ങികൊടുക്കാൻ ശ്രദ്ധിക്കണം. അടുത്ത സമയം അവരുടെ ആത്മീയവും ഭൌതികവുമായ ആവശ്യങ്ങൾ മനസിലാക്കുകയും വേണം. മുഖപക്ഷം അവർക്കിടയിൽ ഉണ്ടാകരുതു. അതു ചിലരെ അസൂയാലുക്കളും മററുള്ളവരെ അലസരും ആക്കിമാററും.

ഉപദേശം കൊടുക്കുമ്പോഴും വല്യമ്മമാർ ശ്രദ്ധിക്കേണ്ട കാര്യം ഈ പ്രായത്തിൽ അവർ എങ്ങനെയായിരുന്നു എന്നു ഓർമ്മിക്കുന്നതു നന്നായിരിക്കും. ഒരു ഭാര്യ എന്ന നിലയിൽ ഞാൻ എങ്ങനെയായിരുന്നു ? അമ്മയായി തീർന്നപ്പോഴും ഞാൻ ഏതു തരക്കാരിയായിരുന്നു ? അതേ മാർദ്ദവത്തോടും ദയവോടും കൂടെ വേണം മുതിർന്നവരോടു പെരുമാറുവാൻ. അതേ സ്വഭാവം നാം കുട്ടികൾക്കും കൊടുക്കേണ്ടേ ? തീർച്ചയായും വേണം.

ശരിയായ കാഴ്ചപ്പാടു വെച്ച് നോക്കിയാൽ, കുട്ടികൾക്കു ആവശ്യമായ അധിക സ്നേഹവും ശ്രദ്ധയും ചിലപ്പോഴും വല്യമ്മമാർക്കു നല്കുവാൻ കഴിയും. അവളുടെ മാതൃകാ ക്ഷമയും, ഇന്ദ്രിയജയവും ദൈനന്തിന പ്രശ്നങ്ങളെ നേരിടുവാനുള്ള തന്മയത്വവും അവരെ പഠിപ്പിക്കുമ്പോഴും അവർ സൽഗുണ പൂർണ്ണരായി മാറും. കുട്ടികളിൽ ദൈവിക ബഹുമാനവും സത്യത്തോടുള്ള പ്രതിപത്തിയും അവരുടെ വാക്കുകളിൽ നിന്നും കിട്ടും. വല്യമ്മമാർ അവരുടെ കൈകൾക്കു ചുററുമുള്ള കുട്ടികൾക്കു മധുരിക്കുന്ന ഓർമ്മകളും ആത്മീയ ചൈതന്യവും കരുതലും എന്നെന്നും അവർ മായാ മുദ്രകളും ആയിരിക്കും.

***

# രഹസ്യമായ ഏററു പറച്ചിൽ

## ട. വില്യംസ്

നമ്മുടെ പാപങ്ങളെ ഏററു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹന്നാൻ 1:9). ഇതു ലോകത്തുള്ള എല്ലാ മനുഷ്യരേയും ഉൾപ്പെടുത്തി പറഞ്ഞിരിക്കുന്നതല്ല.

ക്രിസ്തുവിന്റെ പരിജ്ഞാന പ്രകാരം ക്രിസ്ത്യാനികളായി തീർന്നവർ തങ്ങളുടെ പാപങ്ങളെ ഏററു പറഞ്ഞു ദൈവത്തിന്റെ ധാരാളമായ കരുണയും ക്ഷമാപണവും പ്രാപിക്കണം. എപ്പോഴെല്ലാം, എങ്ങനെ, എവിടെ വെച്ച് ഇതു വേണം എന്നു നമ്മോടു പ്രതിപാദിച്ചിട്ടില്ല. നാം ജീവിക്കുന്ന ചുററുപാടുകളിൽ നേരിടുന്ന സന്ദർഭങ്ങൾ വിവിധങ്ങളാണല്ലോ. അതുകൊണ്ടാണ് ക്ലിപ്തമായി അതു വിവരിക്കാതിരിക്കുന്നതു. എന്നാൽ പൊതുവായി നാം അതു ചെയ്യേണ്ടതുമാണ്.

ഒരാൾ ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ ഒരു സ്വയ പരിശോധനയോടെ വേണം പാപങ്ങളെ ഏററു പറയുവാൻ എന്നു ന്യായപ്രമാണം ആവശ്യപ്പെട്ടിരിക്കുന്നു. "ദൈവമേ ഞാൻ പാപിയാകുന്നു". എന്നു പൊതുവായി ഏററു പറയുന്നവരുണ്ട്. പക്ഷേ അതുപോരാ. കൃത്യമായി ചെയ്ത തെററുകൾ ഓരോന്നും തുറന്നു സമ്മതിക്കണം. ആവശ്യങ്ങൾ ഓരോന്നും എടുത്ത് എടുത്ത് പ്രാർത്ഥിക്കാറില്ലേ ? അതുപോലെ തന്നെ പാപങ്ങളും ഓരോന്ന് എണ്ണി എണ്ണി പറയുന്നതാണ് ഉത്തമം. ആത്മാർത്ഥത നമ്മുടെ ഏററുപറച്ചിലിൽ ഉണ്ടാകണം.

പ്രത്യേകമായി ഓരോ അകൃത്യവും നാം ദൈവത്തോടു ഏററു പറയുന്നതുകൊണ്ടുള്ള ഗുണം പാപഭാരവും കുററാരോപണവും നമ്മിൽ കുറയുന്നതോടൊപ്പം ഭാവിയിൽ ഇതേ പരീക്ഷണങ്ങൾ നേരിടുമ്പോൾ അവയെ അതിജീവിക്കാൻ

തക്ക സഹായം നമുക്കു ദൈവത്തിൽ നിന്നുണ്ടാകും. നമ്മുടെ ജീവിതത്തിലെ കുറവുകൾ നമുക്കു കാണാൻ കഴിയും. ശ്രദ്ധേയമായ ജീവിതത്തിനു അതു ഉപകരിക്കയും ചെയ്യും. ജീവിത ശൈലി നേരായി തുടരുവാൻ ഇത്തരം ഏററുപറച്ചിൽ ആവശ്യമാണ്. അല്ലെങ്കിൽ ഹൃദയം കഠിനപ്പെട്ടു പോകും.

നാം വെറും ഒരു. പൊതുവായ രീതിയിൽ നമ്മുടെ പാപങ്ങളെ ഏററു പറയാതെ ഓരോന്നും വേർതിരിച്ച് പറയുമ്പോൾ അതിൽ ജീവനുണ്ട് എന്നു പറയാം. പരമാർത്ഥതയും

അതിൽ കാണാം. പൊതുവായ ഒരു ഏററു പറച്ചിലാണെങ്കിൽ അതു പൊള്ളയായ, വെറും ചടങ്ങിനു വേണ്ടി പറയുന്ന ചൊല്ലൽ മാത്രമായിരിക്കും. മററാർക്കെങ്കിലും വേണ്ടി അല്ലെങ്കിൽ ഒരു കട്ടം കഴിക്കൽ ആയി മാറുന്ന ഏററുപറച്ചിൽ കൊണ്ട് പ്രയോജനമില്ല. മാനസികമായോ ആത്മികമായോ അതിനു പറയത്തക്ക ഫലമൊന്നും കിട്ടുകയില്ല. വീണ്ടും തെററുകൾ ആവർത്തിക്കുന്നവരെ ശ്രദ്ധിച്ചാൽ അവർ പൊതുവായ ഏററു പറച്ചിൽ നടത്തുന്നവരാണ് എന്നു തെളിയും.

ഒരു വ്യക്തിയുടെ ഓരോ ദിവസത്തേയും അപരാധങ്ങളുടെ പട്ടിക അവൻ ദൈവ മുൻപാകെ നിരത്തി വെക്കുമ്പോൾ, മടികൂടാതെ ഒരു മാററം വരുത്തുവാൻ അയാൾ ആഗ്രഹിക്കുന്നു എന്ന സൂചന അതിലുണ്ട്. അതു ഹൃദയ സ്പർശിയായ ഒന്നായിരിക്കും തന്നെയുമല്ല അതു മനസാക്ഷിയെ ഉണർത്തും പാപത്തെ ചെറുക്കും. ന്യായപ്രമാണ ഉപദേശം വിലപ്പെട്ടതാണ്. നാം പ്രാർത്ഥിക്കുമ്പോൾ ആ ദിവസം ചിന്തിച്ച, പ്രവൃത്തിച്ച, സംസാരിച്ച എല്ലാ കുററങ്ങളേയും പരിശോധിക്കണം. ചില സന്ദർഭങ്ങളിൽ, പരീക്ഷാ സമയങ്ങളിൽ, നമുക്കു സ്വയമായി ഉണ്ടായതായ ബലഹീനതകളെ എല്ലാം നാം തരം തിരിച്ച് മനസിലാക്കിയിട്ടു വേണം തിരുത്തുവാൻ. അല്ലാതെ തിരുത്തുവാൻ പ്രയാസമാണ്. എല്ലാ സമയത്തും നാം ബോധവാന്മാരാകണം. അബോധാവസ്ഥയിലല്ല എന്നതു നമ്മുടെ ഏററു പറച്ചിലിൽ ദൈവത്തിന് ബോധ്യമാകണം.

നിങ്ങൾ, നിങ്ങളുടെ പാപങ്ങൾ. ദൈവത്തോടു തുറന്നു പറയാറുണ്ടോ ? ക്രിസ്ത്യാനിയായി തീർന്നിട്ടില്ലെങ്കിൽ ആദ്യമായി ദൈവ വചനം അനുസരിക്കുക. അതിനുശേഷമാകണം വചനാനുസരണമുള്ള ജീവിതത്തിൽ ഈ രഹസ്യ ഏററു പറച്ചിലും.

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്., ജെ

## V സർദ്ദിസിലെ സഭ (വെളി 3:1-6).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പൊൻ നിലവിളക്ക് അവന്റെ സഭയും ആകുന്നു. മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും വിശ്വാസികളും എല്ലാവരും ഉൾപ്പെട്ട കൂട്ടത്തിനാണ് സഭ എന്നു പറയുന്നത്. അവരെല്ലാവരും പുരോഹിത വർഗ്ഗത്തിൽ പെട്ടവരാണ്.

കർത്താവിന്റെ ദൂതന്മാർ അഥവാ കർത്താവിന്റെ സഭകളെ നയിക്കുന്നവർ കർത്താവിന്റെ വലങ്കയ്യിൽ തന്നെ ആയിരിക്കണം; ദൈവവചനാനുസരണം അവന്റെ ഉപദേശങ്ങൾ ജനങ്ങളെ പഠിപ്പിക്കുന്നവരായിരിക്കണം. "ദൈവം—ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നത്." (എബ്രാ 1:1) ഒട്ടും കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യാതെ ഉപദേഷ്ടാക്കന്മാർ പഠിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇന്നനേകരും പ്രത്യേകിച്ച് ക്രിസ്തീയ സമുദായ സംഘടന സഭാ പ്രസ്ഥാനക്കാർ എല്ലാവരും തന്നെ സാഹചര്യങ്ങളും സന്ദർഭങ്ങളും അനുസരിച്ച് ക്രിസ്തുവിന്റെ ഉപദേശങ്ങളെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തു വരുന്നു. കൂടാതെ മാനുഷിക ഉപദേശങ്ങളും അവരുടെ പ്രയോജനത്തിനായി ചേർത്തു പഠിപ്പിക്കുന്നു. "പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചു വെക്കേണ്ടതും ഉപദേശം അവനോടു ചോദിച്ചു പഠിക്കേണ്ടതും അല്ലോ" (മലാഖി 2:7).

'പുരോഹിതൻ' പഴയ നിയമകാലത്ത് പിൻതുടർച്ചാവകാശമായിട്ടാണ് ക്രിസ്തീയ സമുദായ സംഘടന സഭാ പ്രസ്ഥാനക്കാർ അംഗീകരിച്ചിരിക്കുന്നത്. എന്നാൽ പുതിയ

നിയമകാലത്ത് യഥാർത്ഥ പുരോഹിതന്മാർ യേശു ക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ട, രക്ഷിക്കപ്പെട്ട അനുഭവത്തിൽ ജീവിക്കുന്ന ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ ഓരോരുത്തരുമാണ്. "നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ." (വെളി 1:6). "നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെയ്ക്കു വാങ്ങി; ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു; അവർ ഭൂമിയിൽ വാഴുന്നു" (വെളി 5:9,10).

സ്നേഹിതാ! ഈ ലേഖനം വായിക്കുന്ന നിങ്ങൾ ഒരു പക്ഷെ ഉപദേഷ്ടാവായിരിക്കാം. അല്ലെങ്കിൽ സാധാരണക്കാർ ആയിരിക്കാം. അല്പ സമയം സ്വയം ശോധന ചെയ്വാൻ ഞാൻ ആവശ്യപ്പെടുകയാണ്. നിങ്ങൾ കർത്താവിന്റെ കരങ്ങളിൽ ഇരിക്കുന്നവർ തന്നെയോ? അവന്റെ കരങ്ങളിൽ ആയിരിക്കുന്നു എന്ന് അഭിമാനിക്കുന്നെങ്കിൽ ക്രിസ്തുവിന്റെ ഉപദേശത്തിൽ തന്നെ നിലനില്ക്കണം. "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല. ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്" (2യോഹ 9). ക്രിസ്തുവിന്റെ ഉപദേശത്തിൽ നില നില്ക്കാതെ വഴിതെറ്റുന്നവർ, "മാനുഷിക കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു" (മത്താ 15:9).

ഒരിക്കൽ ഞാനും എന്റെ ഭാര്യ സൂസനും, ഞങ്ങളെ ക്ഷണിച്ചതനുസരിച്ച് ബൈബിൾ പഠിപ്പിയ്ക്കാനായി ഒരു സ്ഥലത്തു ചെന്നു. ആ സ്ഥലം കത്തോലിക്കാവിഭാഗക്കാരുടെ ഒരു നല്ല സെൻററാണ്. ഞങ്ങൾ ചെന്നിരുന്ന വീടും അവിടെ കൂടിയിരുന്ന ആളുകളും കറതീർന്ന കത്തോലിക്ക സഭാ

പ്രസ്ഥാനക്കാരാണ്. അവർ ആദ്യമേ ഞങ്ങളോടു പറഞ്ഞത്, ഞങ്ങളുടെ വികാരിഅച്ചൻ പള്ളിയിൽ ഒരു കല്പന പുറപ്പെടുവിച്ചിരിക്കയാണ്, പെന്തകോസ്തുകാർ ആരുവന്നാലും അവരെ വീട്ടിൽ കയററരുത് ! ഞാൻ അവരോടു പറഞ്ഞു. സ്നേഹിതരെ, ഞങ്ങൾ പെന്തെകൊസ്തുകാരോ ഒരു പ്രസ്ഥാനത്തിൻേറയോ ആൾക്കാരല്ല. ഞങ്ങൾ വന്നത് ക്രിസ്തുവിൻെറ സുവിശേഷം നിങ്ങളെ അറിയിക്കാനാണ്. അതുമൂലം നിങ്ങൾ ഓരോരുത്തരും രക്ഷിക്കപ്പെടണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ആരെയാണ് വീട്ടിൽ കയററരുതെന്ന് ബൈബിൾ നമ്മെ ചൂണ്ടിക്കാണിക്കുന്നതു ? 'ഒരുത്തൻ ഈ ഉപദേശവും (ക്രിസ്തുവിൻെറ ഉപദേശം) കൊണ്ട് അല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നു വെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവനു കുശലം പറകയും അരുത്. അവനു കുശലം പറയുന്നവൻ അവൻെറ ദുഷ്പ്രവൃത്തികൾക്കു കൂട്ടാളിയല്ലോ' (2യോഹ 10-11).

തുറന്നു പറയുന്നതിൽ ക്ഷമിക്കണം. പറയാതിരിക്കാൻ കഴികയില്ല. നിങ്ങളെ വിലക്കിയിരിക്കുന്ന നിങ്ങളുടെ മതാദ്ധ്യക്ഷന്മാരെവരെ നിങ്ങൾക്കു വീട്ടിൽ കയററാൻ കൊള്ളുകയില്ല. ദൈവവചന പ്രകാരം അങ്ങനെ നിങ്ങൾ ചെയ്താൽ നിങ്ങളും അയാളുടെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയാകും. കാരണം അവരാരും യേശുക്രിസ്തുവിൻെറ ഉപദേശമോ, ദൈവവചനമോ നിങ്ങളെ പഠിപ്പിക്കുന്നില്ല. കുരുടൻ കുരുടർക്ക് വഴികാട്ടിയായി തീർന്നാൽ പിന്നത്തെ അവസ്ഥ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഇത്തരക്കാർ കർത്താവിൻെറ കരങ്ങളിൽ ഇരിക്കുന്നു എന്ന് അഭിമാനിക്കയും നല്ലവരായ സാധുജനങ്ങളെ വഞ്ചിച്ചിട്ട് അവർ ഓരോരുത്തരും കാട്ടിക്കൂട്ടുന്ന വൃത്തികേടുകൾ ക്രിസ്തുവിൻെറ സഭയ്ക്കു എക്കാലവും ലജ്ജാകരമാണ്. ദുരുപദേശങ്ങൾ പഠിപ്പിക്കയും അന്ധമായ വിശ്വാസാചാരങ്ങളെ ആലോചിക്കയും അനുഷ്ഠിക്കയും ചെയ്യുന്ന ഇക്കൂട്ടർ ക്രിസ്തുവിൻെറ സഭയ്ക്കും ദൈവ സന്നിധിയിലും ശപിക്കപ്പെട്ടവരാണ്. അവർ സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കാത്തവരും ഭക്തി

വിരുദ്ധമായ വ്യാഖ്യാനങ്ങളെ തഴുകുന്നവരുമാണ്. "വീടുകളിൽ നുണുകടക്കയും പാപങ്ങളെ ചുമന്നു കൊണ്ട് നാനാ മോഹങ്ങൾക്ക് അധീനരായി എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിൻെറ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിലുള്ളവർ ആകുന്നു" (2തിമൊ 3:6,7). അവർ യേശുക്രിസ്തുവിൻെറ ഉപദേശങ്ങളെ അംഗീകരിക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേശിക്കയും ഉപദേഷ്ടാക്കന്മാരെ പെരുക്കയും ചെയ്യുന്നു. സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥകളും, കിഴവിക്കഥകളും പറഞ്ഞു കേൾപ്പിച്ചു രസിക്കയും, രസിപ്പിക്കയും ചെയ്യുന്നവരാണവർ, ഇങ്ങനെയുള്ളവർ ആരും തന്നെ ക്രിസ്തുസഭകളുടെ ദൂതന്മാർ ആയിരിക്കയില്ല.

"അവർ ലൌകികന്മാർ ആകയാൽ ലൌകികമായതു സംസാരിക്കുന്നു; ലോകം അവരുടെ വാക്കു കേൾക്കുന്നു." (1യോഹ 1:5). അവർ കൗലേടയന്മാരും, കള്ള പ്രവാചകന്മാരും, കള്ള അപ്പൊസ്തലന്മാരുമായ ദുരുപദേഷ്ടാക്കന്മാരാണ്. പെർഗ്ഗമൊസിലെ സഭയിൽ ഉണ്ടായിരുന്ന ഒരു കൂട്ടർ പോലെ ഇവരും ബിലെയാമിൻെറ ഉപദേശവും, നിക്കൊലാവ്യരുടെ ഉപദേശവും മുറുകെ പിടിക്കുന്നവരാണ്. തുയഥൈരസഭയിലെ കർത്താവിൻെറ ദാസന്മാരെ ഉപദേശിക്കയും തെററിച്ചുകളകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെപോലെ ആണ് ഇവരും. ഇങ്ങനെ ഉള്ളവർ ഒരു കാലത്തും കർത്താവിൻെറ സഭകളുടെ ദൂതന്മാരായിരിക്കയില്ല. ഇവർ സത്യത്തോടു മറുത്തു നില്ക്കുന്നു. അവർ "ദുർബുദ്ധികളും, വിശ്വാസം സംബന്ധിച്ചു കൊള്ളരുതാത്തവരും അത്രേ. അവർ അധികം മുഴുക്കുകയില്ല" (2തിമൊ 3:8,9).

(ശേഷം അടുത്ത ലക്കത്തിൽ)

★

# പ്രാർത്ഥനയെ സഹായിക്കുന്നവ

S. വില്യംസ്

കൂടുതൽ അർത്ഥവത്തായും പലപ്പോഴും ശരിയായും പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോൾ ജീവിതത്തിൽ തടസങ്ങൾ മുൻപന്തിയിൽ നില്ക്കുന്നതുപോലെ സഹായ ഘടകങ്ങളും ഉണ്ട് എന്ന കാര്യം എടുത്തു പറയണം. പ്രാർത്ഥന ഒരാളുടെ ശേഷിക്കുന്ന ജീവിതത്തിൽ അയാളെ ഏകനായി വിടുന്നില്ല. നമ്മുടെ വിശ്വാസവും പ്രവൃത്തികളും സ്വഭാവങ്ങളും എപ്രകാരം ബന്ധിക്കപ്പെട്ടിരിക്കുന്നുവോ അതിൻ പ്രകാരമായിരിക്കും നമ്മുടെ പ്രാർത്ഥനയും. ദൈവത്തോടുള്ള ധ്യാനനിരതമായ ജീവിതത്തിൽ ഒരാളെ സഹായിക്കുവാനായി എന്താണ് അയാൾ ചെയ്യേണ്ടത് ? അല്ലെങ്കിൽ എന്തെല്ലാം ചെയ്താലാണ് ഫലപ്രദമായി ഒരാൾക്കു പ്രാർത്ഥിക്കുവാൻ കഴിയുക ?

**1. ധാർമ്മികമായ നല്ലൊരു ജീവിതം.** നല്ല ധാർമ്മിക ജീവിതം നയിക്കുന്ന ഏതൊരാളിന്റേയും പ്രാർത്ഥനയ്ക്കു ദൈവം ചെവി ചായ്ച്ചിരിക്കുന്നു. വിശുദ്ധ ജീവിതം നയിക്കുന്ന വ്യക്തിയുടെ ജീവിതത്തിൽ നിന്നും ഒഴുകുന്ന പ്രാർത്ഥനയിൽ ദൈവം സന്തുഷ്ടി പ്രകടിപ്പിക്കുന്നു (സദൃശ്യവാക്യങ്ങൾ 15:8,29;21:13). നമുക്കു പാപത്തിൽനിന്നും കഴുകപ്പെട്ടാൽ മാത്രമെ ദൈവത്തിന്റെ സമ്മതത്തോടെ അവന്റെ സന്നിധിയിൽ നില്ക്കാൻ കഴിയൂ (സങ്കീർത്തനം 24:3-4). നാം നല്ല ജീവിതം നയിക്കുവാനായി പരിശ്രമിച്ച് തുടങ്ങുമ്പോൾ നമുക്കറിയാം ദൈവത്തോടുള്ള പ്രാർത്ഥനയിൽ നമുക്കു അധികം അടുക്കാനും കഴിയുമെന്ന്, അല്ലായെങ്കിൽ തടസങ്ങൾ ധാരാളം വരാം.

**2. നിസ്വാർത്ഥമായ സ്വഭാവം.** നിസ്വാർത്ഥമായസമീപനമാണ് നമുക്കു ദൈവത്തോടുള്ളതെങ്കിൽ നാം നമ്മേക്കാൾ

ശ്രേഷ്ഠമായി മററുള്ളവരെ കരുതും. നമ്മുടെ ആവശ്യങ്ങളേ ക്കാറം അപരന്റെ ജീവിതാവശ്യങ്ങൾക്കു മുൻഗണന കൊടു ക്കും. അപ്പോൾ ദൈവം നമ്മെ നോക്കും നമ്മെ സ്വീകരിക്ക യും ചെയ്യും. ശലോമോൻ തന്റെ വ്യക്തിപരമായ ആവശ്യ ങ്ങളല്ല ദൈവത്തോടു യാചിച്ചതു. തന്റെ ജനത്തെ ന്യായ പാലനം ചെയ്‌വാനുള്ള അറിവും വിവേകവുമാണ് അവൻ ചോദിച്ചതു. തന്റെ ആവശ്യം ദൈവം അംഗീകരിച്ചു കൊടു ത്തു. നമ്മുടെ പ്രാർത്ഥന സ്വാർത്ഥരഹിതമായാൽ നമുക്കു തന്നെ ഒരു പ്രത്യേക സന്തോഷം തോന്നും.

**3. അനുസരണ മനോഭാവം.** കർത്താവിന്റെ മാതൃകാ പ്രാർത്ഥനയിൽ അവൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥി ക്കാൻ പഠിപ്പിച്ചു. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകേണമേ (മത്തായി 6:10). ദൈവം പറയുന്ന തെന്തും ചെയ്യാമെന്നുള്ള തീരുമാനത്തോടെയാണ് നാം പ്രാർ ത്ഥിക്കേണ്ടതു. അനുസരണ ജീവിതം നയിച്ചുകൊണ്ടിരു ന്നാൽ പ്രാർത്ഥനയിൽ ദൈവത്തോട് അടുക്കുവാൻ നമു ക്കു വിഷമം ഉണ്ടാകയില്ല (1 യോഹന്നാൻ 3:21-22).

**4. ബഹുമാനം.** കർത്താവിന്റെ മാതൃകാ പ്രാർത്ഥന യിൽ പഠിപ്പിച്ചതു: "സ്വർഗ്ഗസ്ഥനായ പിതാവേ നിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" (മത്തായി 6:9). ദൈവത്തിനു ബഹുമാനവും ആദരവും കൊടുക്കുന്നതു വളരെ പ്രധാന പ്പെട്ട കാര്യമാണ്. നമ്മുടെ ശരീരത്തെ ഏതു വിധത്തിലാക്കി യിട്ടാണെങ്കിലും നമുക്ക് അതു കാണിക്കാം. തലകളെ താഴ് ത്തി, കുനിഞ്ഞിരുന്ന്, മുട്ടുകൾ മടക്കി, കൈകൾ കൂപ്പി, നിന്നുകൊണ്ട് എന്നിങ്ങനെ നമ്മുടെ സർവ്വ ശക്തനായ ദൈ വത്തെ നമുക്കു ആദരിക്കാം. ദൈവത്തെ സംബോധന ചെയ്യു മ്പോൾ 'അങ്ങ്' "അവിടന്ന്", 'നീ' എന്നെല്ലാം ഉപയോഗി ക്കാറുണ്ട്. ദൈവത്തെ തരം താഴ്ത്തുന്ന ഭാഷകൾ നാം ഉപ യോഗിക്കരുതു. ഭൗതികമായ നമ്മുടെ പിതാക്കന്മാരോടു നാം സംസാരിക്കുന്നതിനേക്കാൾ ആദരവ് ദൈവത്തിന് കൊടുക്ക ണം. ദൈവത്തെ നാം വിളിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ

ദൈവത്തോടുള്ള അടുപ്പം എത്രയുണ്ട് എന്നു കൂടെ വ്യക്തമാണ്. ദൈവത്തിനു അതു അറിയുകയും ചെയ്യാം.

**5. താഴ്മ.** ദൈവത്തോട് അടുക്കുന്ന ഏവർക്കും ഉണ്ടാകേണ്ട അവശ്യഗുണമാണ് വിനയം. ദൈവം ദാനിയേലിനോടു പറഞ്ഞതു, "ദാനിയേലേ, ഭയപ്പെടേണ്ടാ; നീ തിരിച്ചറിയേണ്ടതിന്നും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തേണ്ടതിന്നും മനസ്സുവെച്ച ആദ്യദിവസം മുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായി തന്നേ ഞാൻ വന്നിരിക്കുന്നു (ദാനിയേൽ 10:12). നാം ദൈവത്തിന് ഒന്നും കൊടുക്കുന്നില്ല പ്രാർത്ഥനയിൽ. നമ്മെത്തന്നെ താഴ്ത്തി ദൈവ മുൻപാകെ വരുമ്പോൾ ദൈവം നമ്മെ ഉയർത്തും.

**6. ബുദ്ധിയോടെ വേണം.** "ഞാൻ ആത്മാവു കൊണ്ടും ബുദ്ധി കൊണ്ടും പ്രാർത്ഥിക്കും" എന്നു അപ്പൊസ്തലനായിരുന്ന പൗലൊസ് പറഞ്ഞിരിക്കുന്നു (1കൊരിന്ത്യർ 14:15). ഏതെങ്കിലും പുസ്തകങ്ങളിൽ ആരെങ്കിലും എഴുതിയ ക്രമ പ്രകാരം വാക്കുകളെ ഉരുവിട്ടുകൊണ്ടുള്ള ഒന്നായിരിക്കരുതു നമ്മുടെ പ്രാർത്ഥന. നാം പറയുന്നതു ദൈവം ശ്രദ്ധിക്കണമെന്ന് നമുക്ക് ഉണ്ടെങ്കിൽ ദൈവം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നാമും ശ്രദ്ധാപൂർവ്വം മനസിലാക്കിയിരിക്കണം. ഒന്നും മനസിലാകാതെയുള്ള പ്രാർത്ഥന അനാവശ്യമാണ്. ദൈവം അതു ആഗ്രഹിക്കുന്നുമില്ല.

**7. നിരന്തരമായി വിശ്വസിക്കയും ആശ്രയിക്കയും വേണം.** വിശ്വാസത്തോടെയുള്ള പ്രാർത്ഥനക്കു പ്രാധാന്യം കൊടുത്തിരിക്കുന്നതു തിരുവെഴുത്തുകളെ പരിശോധിച്ചാൽ നമുക്കു ഗ്രഹിക്കാം (മത്തായി 21:22). വിശ്വാസത്തിൽ നാം യാചിക്കുമ്പോൾ അതു ശരിയായ അപേക്ഷയായി ദൈവം കണക്കിടുന്നു. നമ്മുടെ ആത്മീയജീവിതത്തിനു ഉപദ്രവകരമായ രീതിയിൽ ഉള്ളയാതൊന്നിന്നും നാം ദൈവത്തോടു ചോദിക്കയില്ലല്ലൊ. അനാവശ്യമായ കാര്യങ്ങളും നാം ദൈവത്തോട് ആവശ്യപ്പെടുകയില്ല. അതിനു വിശ്വാസം

ആവശ്യമാണ്. നമ്മുടെ നന്മക്കു ആവശ്യമായതു മാത്രം പ്രാർത്ഥനയിൽ ഉൾപ്പെടുത്താൻ കഴിയണമെങ്കിൽ ദൈവത്തിൽ ആശ്രയം വേണം.

**8. ആത്മാർത്ഥത.** ദൈവത്തോടുള്ള നമ്മുടെ യാചന നിഷ്ക്കളങ്കമായിരിക്കണം. സ്വാഭാവികവും ആത്മാർത്ഥവുമായ അപേക്ഷയായിരിക്കണം നാം ദൈവത്തോട് അർപ്പിക്കേണ്ടതു. കാപട്യം ദൈവം വെറുക്കുന്ന ഒന്നാണ്. കപടഭക്തി പുലർത്തിജീവിക്കുന്നവരുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല. യഥാർത്ഥമായി ദൈവത്തെ പ്രസാദിപ്പിക്കുവാൻ താല്പര്യമുള്ളവർ കപട രഹിതമായി ജീവിക്കും. ഒന്നും ഒളിച്ചുവെക്കാതെ തുറന്ന സമീപനത്തോടെ യാചിക്കും എന്നർത്ഥം (മത്തായി 6:5-6; സങ്കീർത്തനം 17:1).

**9. വഴങ്ങൽ.** നമ്മുടെ പ്രാർത്ഥനയുടെ മറുപടി എന്തു തന്നെയായാലും അതു സന്തോഷത്തോടെ സ്വീകരിക്കുവാൻ നമുക്കു കഴിയണം. ദൈവം ചിലപ്പോൾ "അതെ" എന്നും മററു ചിലപ്പോൾ "ഇല്ല" എന്നും ആയിരിക്കും മറുപടി നല്കുന്നതു. അല്ലെങ്കിൽ അല്പം കാത്തിരിക്ക എന്നായിരിക്കും. നമ്മുടെ പ്രതീക്ഷക്കു വിരുദ്ധമായിട്ടായിരിക്കും ഒരു പക്ഷെ ദൈവം പ്രവർത്തിച്ചതു. എന്നിരുന്നാലും നമ്മുടെ ജീവിതത്തിൽ ദൈവേഷ്ടത്തിനു നാം കീഴ്വഴങ്ങണം. ദാവീദ് അത്തരം മനോഭാവമുള്ളവനായിരുന്നു (2ശമൂവേൽ 12:19-23). ഗത്സെമന തോട്ടത്തിൽ വെച്ച് യേശുവിൻേറയും, തൻെറ ജഡത്തിലെ ശൂലം നീങ്ങി പോകുവാനുള്ള പൗലോസിൻെറയും പ്രാർത്ഥന ഉദാഹരണമാണ്. നമുക്കു മനസിലായില്ലെങ്കിലും ദൈവത്തിൻെറ വഴിയാണ് ഏററവും നല്ലതു.

**10. സ്ഥിര പരിശ്രമം.** നല്ലൊരു പ്രാർത്ഥനാശീലത്തിനു നിരന്തരമായ പ്രയത്നം ആവശ്യമാണ്. പ്രാർത്ഥനക്കായി നാം എത്രമാത്രം അദ്ധ്വാനിക്കുന്നുവോ അത്രമാത്രം പ്രാർത്ഥന നമുക്കു എളുപ്പമായിരിക്കും. ദിനന്തോറുമുള്ള പരിശീലനം കൊണ്ട് പ്രാർത്ഥനാ ജീവിതത്തെ വളർത്താൻ കഴിയും.

***

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi-110049.

Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth Post Box 80, Kakinada-533001.

Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays — 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.

Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ Trivandrum - 695034 Kerala.

Tuesdays & Fridays—3:15 to 3:30 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004

Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram - 695034

To